പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 141 02.03.2020-ലെ മറുപടിക്ക്

# അവിനാശിയിലെ ബസ്സ് അപകടം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | തമിഴ്നാട്ടിലെ അവിനാശിയിൽ നടന്ന ബസ്സ് അപകടത്തിന്റെ കാരണങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | അപകടത്തിന് കാരണമായ കെ.എൽ.7 സി.എസ് 6325 എന്ന കണ്ടയ്നർ വാഹനം ശരാശരി 70 കിലോ മീറ്റർ / മണിക്കൂർ വേഗതയിൽ ഓടിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ വാഹനം ഹൈവേയിലെ വലത് ഭാഗത്തുള്ള ട്രാക്കിലൂടെ ഓടിച്ചുവരവേ ഡ്രൈവർ പെട്ടെന്ന് ഉറങ്ങിയത് മൂലമോ, ഇടത്തേക്കുള്ള വളവിൽ വാഹനത്തിനുള്ള വേഗത കുറയ്ക്കാതെ തിരിക്കാൻ ശ്രമിച്ചപ്പോൾ സംഭവിച്ച understeering (ആവശ്യാനുസരണം വാഹനം തിരിയാതെ വരുന്ന അവസ്ഥ) മൂലമോ, ഇടത്തോട്ട് തിരിയാതെ വാഹനത്തിന് മുൻവശത്തെ വലത് വീലും ലിഫ്റ്റ് ആക്സിൽ വീലും, വലത്ത് ഭാഗത്തെ മീഡിയനിലേക്ക് കയറിയിട്ടുള്ളതായും തുടർന്ന് വലത് വശത്ത് പുറകിലുള്ള ഡ്രൈവ് ആക്സിൽ വീലുകളിൽ ഏറ്റവും പുറത്തുള്ള ടയറും അതിന് പുറകിലുള്ള ടാന്റം ആക്സിൽ വീലുകളിലെ ഏറ്റവും പുറത്തുള്ള ടയറും മീഡിയനിൽ ഉരുണ്ട് പൊട്ടുകയും തുടർന്ന് വീൽ ഡിസ്കുകൾ മാത്രമായി ഏകദേശം 12 ഇഞ്ച് ഉയരത്തിലുള്ള കോൺക്രീറ്റ് തിട്ടയിലൂടെ ഓട്ടുകയും പിന്നീട് ഈ വീലുകളിലെ അകത്തുള്ള ടയറുകൾ കൂടി പൊട്ടുകയും വാഹനം വലത്തോട്ട് ചെരിഞ്ഞതിന് ശേഷം ഇതേ വേഗതയിൽ ഏകദേശം 120 മീറ്റർ ദൂരം സഞ്ചരിച്ച് വലതു ഭാഗത്ത് എതിർദിശയിലേക്കുള്ള ട്രാക്കിലേക്ക് ഇറങ്ങുകയും ഇതിന്റെ ആഘാതത്തിൽ കണ്ടയ്നർ ലോക്ക് ചെയ്യാത്തത് കാരണം |

| | | | |
|---|---|---|---|
| | | | വാഹനത്തിൽ നിന്ന് ചെരിഞ്ഞ് പൂർണ്ണമായും റോഡിൽ വീഴുകയും ഇതിൽ എതിരെവന്ന കെ.എസ്.ആർ.ടി.സി. ബസ് ഇടിക്കുകയുമാണുണ്ടായത്. |
| (ബി) | സംസ്ഥാനത്തിനകത്തും പുറത്തും ഇത്തരത്തിലുള്ള അപകട മേഖലകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തിനകത്ത് അപകടമേഖലകൾ കണ്ടെത്തി കാരണങ്ങൾ പരിശോധിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അവനാശിയിൽ നടന്ന അപകടത്തിന്റെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ അടിയന്തിര യോഗത്തിൽ തീരുമാനിച്ച പ്രകാരം പോലീസ്, മോട്ടോർ വാഹന, പൊതുമരാമത്ത് വകുപ്പുകൾ, റോഡ് സുരക്ഷാ അതോറിറ്റി എന്നിവ ചേർന്ന് അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്തിന് പുറത്ത് ഇത്തരത്തിൽ അപകടസാധ്യതയുള്ള സ്പോട്ടുകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ട ജാഗ്രത കാണിക്കുവാൻ സംസ്ഥാനങ്ങൾ തമ്മിൽ യോജിച്ച നീക്കം നടത്തുമോ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | ഇതിനായി തമിഴ്നാട്, കേരളം, കർണ്ണാടകം, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് ഉദ്യോഗസ്ഥരുടെയും മന്ത്രിമാരുടെയും സംയുക്ത യോഗം വിളിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ